## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1487** **04-07-2022 - ൽ മറുപടിയ്ക്ക്**

## പ്രളയത്തിൽ ഭവനനാശം സംഭവിച്ച നിലമ്പൂർ താലൂക്കിലെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2019-ലെ പ്രളയത്തിൽ ഭവനനാശം സംഭവിച്ച നിലമ്പൂർ താലൂക്കിലെ 41 കുടുംബങ്ങൾക്ക് വിവിധ കാരണങ്ങളാൽ നാളിതുവരെയും നഷ്ടപരിഹാരത്തുക ലഭ്യമാക്കിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഉണ്ട്. 2019 ലെ പ്രളയത്തിൽ നിലമ്പൂർ താലൂക്കിൽ ഭവന നാശം സംഭവിച്ച ഗുണഭോക്താക്കളിൽ വിവിധ കാരണങ്ങളാൽ 41 പേർ റിജക്ഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇപ്രകാരമുള്ള ഗുണഭോക്താക്കൾക്ക് തുക ക്രെഡിറ്റ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നല്കിയപ്പോൾ, ട്രഷറിയിൽ നിന്നുള്ള വിവിധ ട്രാൻസാക്ഷനുകളിലെ തുകകൾ തെറ്റായ അക്കൗണ്ട് നമ്പർ, IFSCകോഡ്, അക്കൗണ്ട് ഉപയോഗ ശൂന്യമാകുക തുടങ്ങിയ കാരണങ്ങളാൽ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ വരവ് വക്കാതെ ട്രഷറി സസ്പെൻസ് അക്കൗണ്ടിലേക്കു മടങ്ങുന്ന സാഹചര്യം ഉണ്ടായതിനാൽ, ടി തുകകൾ ബന്ധപ്പെട്ട സോഴ്സ് ട്രഷറി അക്കൗണ്ടുകളിലേക്കോ ശീർഷകങ്ങളിലേക്കോ വരവ് വയ്ക്കണമെന്ന് 17/06/2019 ലെ സ.ഉ(പി) നം.86/2019/ധന പ്രകാരം നിഷ്കർഷിച്ചതിന്റെ അടിസ്ഥാനത്തിൽ TSB ഇടപാടുകളിൽ നിന്നും മടങ്ങിയ തുകകൾ അതാതു SBഅക്കൗണ്ടിലേക്കു (source account) തിരികെ വരവ് വയ്ക്കുവാൻ ട്രഷറി ഡയറക്ടേറ്റിൽ നിന്നും എല്ലാ ട്രഷറി ഓഫീസർമാർക്കും നിർദ്ദേശം നൽകുകയുണ്ടായി.<br><br>മേൽ പറഞ്ഞ 41 ഗണഭോക്താക്കൾക്ക് ധന സഹായം ലഭിച്ചിട്ടില്ല എന്നറിയിച്ചതിനെ തുടർന്ന് പ്രസ്തുത ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പർ ഉൾപ്പെടെയുള്ള വിവരം ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന ലഭ്യമായത് ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിരുന്നു. എന്നാൽ 04/05/2022ൽ ധനകാര്യ വകുപ്പ് വിളിച്ച് ചേർത്ത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട് കറക്ഷൻ കാരണം ധനസഹായം ലഭിക്കാത്തവരുടെ ലിസ്റ്റ് ധനകാര്യ വകുപ്പിൽ നിന്ന് ലഭ്യമാക്കുകയും |

| | | | |
|---|---|---|---|
| | | | ആയതിൽ അക്കൗണ്ട് കറക്ഷൻ വരുത്തി ലഭ്യമാക്കുവാൻ ലാൻഡ് റവന്യ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് തിരുത്തി ലഭ്യമാകുന്ന മുറയ്ക്ക് ധനകാര്യ വകുപ്പിൽ നിന്ന് ഗുണഭോക്താക്കൾക്ക് ധനസഹായം ഡി.ബി.റ്റി ആയി അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത 41 കുടുംബങ്ങൾക്കുമായി ആകെ ലഭ്യമാക്കേണ്ട തുക എത്രയെന്നും ഈ തുക ഇപ്പോൾ ഏത് സോഴ്സ് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; | (ബി) | 41 കുടുംബങ്ങൾക്ക് ആകെ 40,60,000/- രൂപ ലഭ്യമാക്കാനുണ്ട്. റിജക്ഷനാകുന്ന തുകകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള TP80 അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. |
| (സി) | മേൽ 41 കുടുംബങ്ങൾക്കുമായി നൽകേണ്ട ആകെ നഷ്ടപരിഹാരത്തുക സാങ്കേതിക തകരാറുകൾ പരിഹരിക്കുന്ന മുറയ്ക്ക് അർഹരായവർക്ക് ലഭ്യമാക്കുന്നതിനായി നിലമ്പൂർ തഹസിൽദാറുടെ പേരിൽ നിക്ഷേപിക്കുന്നതിന് സന്നദ്ധമാകുമോ; വിശദാംശങ്ങൾ നൽകാമോ; | (സി) | ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് തുക നൽകുന്ന രീതിയാണ് (DBT) 2019 പ്രളയവുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നത്. |
| (ഡി) | ഇങ്ങനെ തഹസിൽദാറുടെ പേരിൽ നഷ്ടപരിഹാരത്തുക നിക്ഷേപിക്കുന്നതിന് തടസ്സങ്ങളുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | (ഡി) | 2019 ലെ പ്രളയത്തിലെ നഷ്ടപരിഹാരത്തുക വിതരണം ചെയ്തുകൊണ്ടിരിക്കുന്നത് സോഫ്റ്റ് വെയർ മുഖേനയാണ്. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് തുക ലഭിക്കുന്ന രീതിയിലാണ് ഇത് സജ്ജീകരിച്ചിരിക്കുന്നത്. |
| (ഇ) | മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനായി നിലമ്പൂർ എം.എൽ.എ., വകുപ്പ് മന്ത്രിക്കും മലപ്പുറം ജില്ലാ കളക്ടർക്കും വിവിധ സമയങ്ങളിലായി നൽകിയ കത്തുകളിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളും ഫയൽ നമ്പരുകളടക്കമുള്ള വിവരങ്ങളും അറിയിക്കാമോ? | (ഇ) | 2019 ലെ പ്രളയത്തിൽ നിലമ്പൂർ താലൂക്കിൽ ഭവന നാശം സംഭവിച്ച ഗുണഭോക്താക്കളിൽ വിവിധ കാരണങ്ങളാൽ റിജക്ഷൻ ലിസ്റ്റിൽ ഉൾപ്പെട്ട 41 പേർക്ക് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുണമെന്നാവശ്യപ്പെട്ട് ദുരന്തനിവാരണ വകുപ്പിൽ നിന്നും DMA4/65/2022-DMD നം. ഫയലിൽ ധനകാര്യ (ഫണ്ട്സ്) വകപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. 2019 പ്രളയത്തിൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും വിവിധ കാരണങ്ങളാൽ നഷ്ടപരിഹാരം ലഭിക്കാതെ പോയവർക്ക് തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പും ലാൻഡ്റവന്യൂ കമ്മീഷണറുമായും ബന്ധപ്പെട്ട് DMA4/148/2022-DMD നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്നു. ബഹു നിലമ്പൂർ എം.എൽ.എ യുടെ കത്ത് പ്രകാരം ലഭ്യമാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെയും കാര്യങ്ങൾ ടി ഫയലിൽ ചേർത്തിട്ടുണ്ട്. കൂടാതെ ബഹു. നിലമ്പൂർ എം.എൽ.എ, വകപ്പ് മന്ത്രിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ 27-06-2022 തീയതിയിലെ DCMPM/13361/2021-DM1(a) നമ്പർ റിപ്പോർട്ട് മലപ്പുറം ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ